2024
JANUARY
26
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## 34 പേർക്ക് പത്മശ്രീ

# ജസ്റ്റിസ് എം. ഫാത്തിമാബീവി, ഒ.രാജഗോപാൽ, ഉഷ ഉതുപ്പ് എന്നിവർക്ക് പത്മഭൂഷൺ

**ന്യൂഡൽഹി:** മുൻ ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡു, നർത്തകിയും നടിയുമായ വൈജയന്തിമാല ബാലി, നർത്തകി പത്മ സുബ്രഹ്മണ്യം, തെലുങ്ക് നടൻ ചിരഞ്ജീവി, സാമൂഹിക പ്രവർത്തകൻ അന്തരിച്ച ബിന്ദേശ്വർ പാഠക് എന്നിവർക്കു പത്മ വിഭൂഷൺ ബഹുമതി.

മലയാളികളായ സുപ്രീം കോടതി മുൻ ജ!!ഡ്ജി എം.ഫാത്തിമാ ബീവി (മരണാനന്തരം), ബിജെപി നേതാവ് ഒ.രാജഗോപാൽ, ഗായിക ഉഷാ ഉതുപ്പ് എന്നിവരടക്കം 17 പേർക്ക് പത്മഭൂഷൺ. അശ്വതി തിരുനാൾ ഗൗരി ലക്ഷ്മീബായി (സാഹിത്യം, വിദ്യാഭ്യാസം), കഥകളി ആചാര്യൻ സദനം ബാലകൃഷ്ണൻ, തെയ്യം കലാകാരൻ ഇ.പി.നാരായണൻ, കാസർകോട്ടെ പരമ്പരാഗത നെൽക്കർഷകൻ സത്യനാരായണ ബെലരി, പി.ചിത്രൻ നമ്പൂതിരിപ്പാട് (സാഹിത്യം, മരണാനന്തരം), മുനി നാരായണ പ്രസാദ് (സാഹിത്യം) എന്നീ മലയാളികളടക്കം 110 പേർക്ക് പത്മശ്രീ.

അന്തരിച്ച തമിഴ് നടൻ വിജയകാന്ത്, ബോളിവുഡ് നടൻ മിഥുൻ ചക്രവർത്തി, മഹാരാഷ്ട്രയിലെ മാധ്യമപ്രവർത്തകരായ ഹോർമുസ്ജി എൻ.കാമ, കുന്ദൻ വ്യാസ്, തയ്‌വാൻ കമ്പനി ഫോക്സ്കോൺ സിഇഒ യങ് ലിയു എന്നിവരും പത്മഭൂഷൺ പട്ടികയിലുണ്ട്.

കായികതാരങ്ങളായ രോഹൻ ബൊപ്പണ്ണ (ടെന്നിസ്), ജോഷ്ന ചിന്നപ്പ (സ്ക്വാഷ്), തമിഴ് സാഹിത്യകാരൻ ജോ ഡിക്രൂസ്, ഇന്ത്യയിലെ ആദ്യ വനിതാ പാപ്പാൻ അസമിലെ പാർബതി ബറുവ എന്നിവർക്കും പത്മശ്രീയുണ്ട്.

പത്മ പുരസ്കാരങ്ങളിൽ 9 എണ്ണം മരണാനന്തര ബഹുമതിയാണ്. ജേതാക്കളിൽ 30 പേർ വനിതകളും 8 പേർ വിദേശ ഇന്ത്യക്കാരുമാണ്. ഇന്നലെ രാത്രി വൈകിയാണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

## റിപ്പബ്ലിക് ദിനാഘോഷ നിറവിൽ ഭാരതം

# രാജ്യമെങ്ങും ആഘോഷം

**ന്യൂഡൽഹി:** എഴുപത്തിയഞ്ചാമത് റിപ്പബ്ലിക്ക് ദിനാഘോഷങ്ങളുടെ നിറവിൽ രാജ്യം. വിപുലമായ ആഘോഷപരിപാടികളാണ് ഇത്തവണയും ഒരുക്കിയിരിക്കുന്നത്.



പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ യുദ്ധസ്മാരകത്തിൽ പുഷ്പ ചക്രം സമർപ്പിക്കുന്നതോടെ ആഘോഷങ്ങൾക്ക് തുടക്കമാകും. കർത്തവ്യപഥിൽ രാഷ്ട്രപതി ദ്രൗപദി മുർമു ദേശീയ പതാക ഉയർത്തും.

തുടർന്ന് ഇന്ത്യയുടെ സൈനിക ശക്തി വിളിച്ചോതുന്ന പ്രൗഢമായ റിപ്പബ്ലിക് ദിന പരേഡും അരങ്ങേറും. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോണാണ് ഇത്തവണത്തെ മുഖ്യാതിഥിയായി പങ്കെടുക്കുന്നത്. തുടർന്ന് സംസ്ഥാനങ്ങളുടെ ടാബ്ലോകളും മാർച്ച് പാസ്റ്റും അരങ്ങേറും.

സംസ്ഥാനത്തും റിപ്പബ്ലിക്ക് ദിനാഘോഷങ്ങളുടെ ഭാഗമായി പതാക ഉയർത്തും. രാവിലെ ഒമ്പതിന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പതാക ഉയർത്തും. മുഖ്യമന്ത്രി ചടങ്ങിൽ എത്താനാണ് സാധ്യത.

സായുധ സേനാ വിഭാഗങ്ങൾ, പോലീസ്, അർധസൈനിക വിഭാഗങ്ങൾ, അശ്വാരൂഢ പോലീസ്, എൻസിസി, സ്കൗട്ട്സ് എന്നിവർ അഭിവാദ്യം അർപ്പിക്കും. തുടർന്ന് ഗവർണർ റിപ്പബ്ലിക് ദിന സന്ദേശം നൽകും. വിദ്യാർഥികൾ ദേശഭക്തിഗാനങ്ങൾ ആലപിക്കും.

നിയമസഭയിൽ രാവിലെ 9.30ന് സ്പീക്കർ എ.എൻ. ഷംസീർ പതാക ഉയർത്തും. ജില്ലകളിൽ മന്ത്രിമാർ പതാക ഉയർത്തും. റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാജ്ഭവനിൽ ഗവർണർ ഒരുക്കുന്ന അറ്റ് ഹോം വിരുന്ന് വൈകുന്നേരം ആറിന് നടക്കും.

ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിലും ഓഫീസുകൾ, വിദ്യാലയങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും രാവിലെ ഒമ്പതിനോ അതിനു ശേഷമോ പതാക ഉയർത്താം.

പ്ലാസ്റ്റിക് നിർമിത ദേശീയ പതാകളുടെ നിർമാണവും വിതരണവും വിൽപനയും ഉപയോഗവും നിരോധിച്ചിട്ടുണ്ട്. റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ ഹരിത പ്രോട്ടോകോൾ പാലിക്കണം.

# എൽഐസി ഓഹരികൾ റെക്കോഡിലേക്ക്

**കൊച്ചി:** പൊതുമേഖലാ കമ്പനിയായ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻറെ (എൽഐസി) ഓഹരി നിക്ഷേപകർക്ക് ആഹ്ലാദം പകർന്ന് വില മികച്ച മുന്നേറ്റം നടത്തുന്നു. മികച്ച പ്രവർത്തനഫലങ്ങളുടെയും കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി റീഫണ്ടുകളുടെയും കരുത്തിൽ കഴിഞ്ഞ വാരം ഒരവസരത്തിൽ എൽഐസി ഓഹരികളുടെ വില റെക്കോഡ് ഉയരത്തിലെത്തി. നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ എൽഐസി ഓഹരി വില 942.50 രൂപ വരെയാണ് ഉയർന്നത്. കഴിഞ്ഞ രണ്ട് മാസത്തിനിടെ ഓഹരി വില തുടർച്ചയായി ഉയർന്നതോടെ രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ കമ്പനിയെന്ന പദവിയും എൽഐസിക്ക് സ്വന്തമായി.




കമ്പനിയുടെ വിപണി മൂല്യം ഒരവസരത്തിൽ ആറ് ലക്ഷം കോടി രൂപ വരെ ഉയർന്നിരുന്നു. 2022 മേയ് 17ന് വിപണിയിൽ ലിസ്റ്റ് ചെയ്ത എൽഐസി ഓഹരികൾ ആദ്യ ദിവസം രേഖപ്പെടുത്തിയ 920 രൂപയിലെത്തിയെങ്കിലും പിന്നീട് തുടർച്ചയായി തകർച്ച നേരിട്ടു. പ്രാരംഭ ഓഹരി വിൽപ്പനയ്ക്ക് മുൻപ് വിപണിയിൽ വൻ ആവേശം ദൃശ്യമായിരുന്നെങ്കിലും ലിസ്റ്റ് ചെയ്തതിനു ശേഷം ദീർഘ കാലമായി എൽഐസി ഓഹരികൾ കനത്ത വിലക്കുറവിലാണ് നീങ്ങിയത്. ഒരവസരത്തിൽ എൽഐസിയുടെ ഓഹരി വില 530 രൂപ വരെ താഴ്ന്നിരുന്നു. റീട്ടെയ്ൽ നിക്ഷേപകരുടെ പങ്കാളിത്തം വളരെ ഏറെയുണ്ടായിരുന്ന പ്രാരംഭ ഓഹരി വിൽപ്പനയിലൂടെ എൽഐസിയുടെ 3.5% ഓഹരികൾ വിറ്റഴിച്ച് 21,000 കോടി രൂപയാണ് കേന്ദ്ര സർക്കാർ സമാഹരിച്ചത്. ഓഹരി ഒന്നിന് 949 രൂപ വിലയാണ് വിൽപ്പന സമയത്ത് നിക്ഷേപകരിൽ നിന്ന് ഈടാക്കിയത്.

കഴിഞ്ഞവാരം വിദേശ നിക്ഷേപകരുടെ പിന്മാറ്റത്തെത്തുടർന്ന് രാജ്യത്തെ മുൻനിര ഓഹരികളെല്ലാം കനത്ത വിൽപ്പന സമ്മർദം നേരിട്ടെങ്കിലും എൽഐസിയുടെ വിലയിൽ കാര്യമായ ഇടിവുണ്ടായില്ല. ഇന്നലെ വ്യാപാരം അവസാനിച്ചപ്പോൾ എൽഐസി ഓഹരി വില 3.7 രൂപ കുറഞ്ഞ് 903.5ലെത്തി.

ഇൻഷ്വറൻസ് വിപണിയിൽ സ്വകാര്യ കമ്പനികളിൽ നിന്നും അതിശക്തമായ മത്സരം നേരിടുമ്പോഴും രാജ്യത്തെ ഏറ്റവും വലിയ ലൈഫ് ഇൻഷ്വറൻസ് സ്ഥാപനമെന്ന പദവി നിലനിർത്താൻ കഴിയുന്നതാണ് എൽഐസിയുടെ കരുത്ത്. വൈവിധ്യമാർന്ന ഉത്പന്നങ്ങളും വിപുലമായ വിപണന സംവിധാനങ്ങളുമാണ് കമ്പനിയുടെ മികച്ച പ്രകടനത്തിന് സഹായിക്കുന്നത്.





നാഷണൽ പ്രോഗ്രസീവ് പാർട്ടി സംസ്ഥാന നേതൃസംഗമം കലൂർ റിന്യൂവൽ സെന്ററിൽ ബിജെപി ദേശിയ നിർവ്വാഹ സമിതിയംഗം പി.കെ കൃഷ്ണദാസ് ഉദ്ഘാടനം ചെയ്യുന്നു.

# നാഷണൽ പ്രോഗ്രസീവ് പാർട്ടി (എൻ.പി.പി) എൻ.ഡി.എ ഘടക കക്ഷിയാകും

**കൊച്ചി:** നാഷണൽ പ്രോഗ്രസീവ് പാർട്ടി (എൻ.പി.പി) ബി.ജെ.പി നേതൃത്വം നൽകുന്ന എൻ.ഡി.എ മുന്നണിയുടെ ഭാഗമാകും. എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ നടന്ന എൻ.പി.പിയുടെ നേതൃസമ്മേളനത്തിലാണ് ഇത് സംബന്ധിച്ച് പ്രഖ്യാപനം നടത്തിയത്.പാർട്ടിയുടെ 14 ജില്ലാ കമ്മിറ്റികളിലും ചർച്ച ചെയ്തതിനു ശേഷമാണ് എൻ.ഡി.എയുടെ ഘടക കക്ഷിയായി മാറാൻ തിരുമാനിച്ചതെന്ന് പാർട്ടി ചെയർമാൻ വി.വി അഗസ്റ്റിൻ പറഞ്ഞു. ബി.ജെ.പിയുമായും ഇത് സംബന്ധിച്ച് ധാരണയിൽ എത്തിയിട്ടുണ്ട്.വരും ദിവസം തന്നെ ഇത് സംബന്ധിച്ച് ബി.ജെ.പി നേതൃത്വം പ്രഖ്യാപനം നടത്തുമെന്നും വി.വി അഗസ്റ്റിൻ പറഞ്ഞു. രാജ്യത്ത് ഹൈന്ദവ-ക്രൈസ്തവ ഐക്യം അനിവാര്യമാണെന്ന് പാർട്ടിയുടെ നയപ്രഖ്യാപനം നടത്തിക്കൊണ്ട് എൻ.പി.പി ജനറൽ സെക്രട്ടറി അഡ്വ.ജോയി എബ്രാഹം പറഞ്ഞു. ബിജെപി ദേശിയ നിർവ്വാഹ സമിതിയംഗം പി.കെ കൃഷ്ണദാസ് നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തു. കേരളത്തിൽ പുതിയ രാഷ്ട്രീയ സമവാക്യം രൂപപ്പെടുകയാണെന്ന് പി.കെ കൃഷ്ണദാസ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. മതന്യൂനപക്ഷങ്ങളെ ബി.ജെ.പിയിൽ നിന്നകറ്റാനുള്ള ശക്തമായ പ്രചരണങ്ങളാണ് കേരളത്തിൽ നടക്കുന്നത്. എന്നാൽ ഇനി ഇത്തരം പ്രചാരണങ്ങൾ വിലപ്പോകില്ലെന്നും പുതിയ ധ്രുവീകരണത്തിനാണ് കേരളം സാക്ഷ്യം വഹിക്കാൻ പോകുന്നതെന്നും പി.കെ കൃഷ്ണദാസ് പറഞ്ഞു.എൻ.പി.പി ചെയർമാൻ വി.വി അഗസ്റ്റിൻ അധ്യക്ഷത വഹിച്ചു. ബി.ജെ.പി എറണാകുളം ജില്ലാ പ്രസിഡന്റ് കെ.എസ് ഷൈജു, എൻ.പി.പി

വൈസ് ചെയർമാൻമാരായ ഡോ.ജോർജ്ജ് എബ്രഹാം, സി.പി സുഗതൻ, ജനറൽ സെക്രട്ടറി തമ്പി എരുമേലിക്കര, ട്രഷറർ എലിസബത്ത് കടവൻ, സെബാസ്റ്റ്യൻ വടശേരി,കെ.സി മനോജ്,ഗീതാ ദിനേശ്,അഡ്വ.സാബു ജോൺ,പ്രഫ.കോന്നി ഗോപകുമാർ, ജോഷി മണ്ണുപ്പറമ്പിൽ,ആന്റണി പെരേര,ഷിജോ മാത്യു,ബിച്ചു കുര്യൻ തോമസ്,ലിന്റ് വർഗ്ഗീസ്,അഡ്വ റൈജോ ബാബു മംഗലത്ത്,ജോമർ കുന്നത്ത്,മജീഷ്, ജോജു പാണാട്ട്, ബാബു അത്തിപ്പൊഴി തുടങ്ങിയവർ പ്രസംഗിച്ചു.

വിവിധ ക്രൈസ്ത,ഹിന്ദു സംഘടനകളെ പ്രതിനിധീകരിച്ച് ബസേലിയോസ് മാർതോമാ യാക്കൂബ് പ്രഥമൻ കാതോലിക്ക ബാബ, മെട്രോ പോളിറ്റൻ ആർച്ച് ബിഷപ്പ് ഡോ.സണ്ണി ആലപ്പാട്ട് (എക്യുമെനിക്കൽ കാത്തലിക് ചർച്ച് ഓഫ് ക്രൈസ്റ്റ്),ആർച്ച് ബിഷപ്പ് ജോൺ ബെർത്തലോമിയ (ലൂഥറൻ ചർച്ച് ഓഫ് ഇന്ത്യ),മെട്രോപോളിറ്റൻ ആർച്ച് ബിഷപ്പ് ഡോ. സൈമൺ പള്ളിക്കുന്ന് (ആഗ്ലിക്കൻ ഓർത്തഡോക്സ് ചർച്ച്),ഡോ.ഹരിനാരായണ സ്വാമി,തിനവിള ബാലചന്ദ്രൻ(സംസ്ഥാന പ്രസിഡന്റ് യോഗേശ്വര സംഘം),എം.ഡി പരമേശ്വരൻ(സംസ്ഥാന പ്രസിഡന്റ്, സാംബവർ സഭ) സുമേഷ്(സംസ്ഥാന സെക്രട്ടറി, ഗണക സമുദായ സഭ),അഡ്വ.എം.ഭാസ്കരൻ (ദേശീയ ചെയർമാൻ, പത്മശാലിയ സംഘം) തുടങ്ങിയവരും സമ്മേളനത്തിൽ പങ്കെടുത്തു.

# എറണാകുളം ജനറൽ ആശുപത്രി : വിവിധ പദ്ധതികളുടെ ഉദ്ഘാടനം ഇന്ന് വീണാ ജോർജ് നിർവഹിക്കും

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിലെ വിവിധ പദ്ധതിയുടെ ഉദ്ഘാടനം ജനുവരി 26 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് നടക്കുന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. ലേബർ റൂം കോംപ്ലക്സ്, മെഡിക്കൽ ഐ.സി.യു , ഒപി കൗണ്ടർ & വെയ്റ്റിംഗ് ഏരിയ, സ്പെഷ്യാലിറ്റി ബ്ലോക്ക് എക്സ്റ്റൻഷൻ, അനുഗാമി ടു ഹീൽ ടുഗെതർ, പൂമ്പാറ്റ കുട്ടികളുടെ പാർക്ക്, ബേൺസ് യുണിറ്റ്, ഇൻഷുറൻസ് ഡെസ്ക്, വെബ്സൈറ്റ് എന്നിവയുടെ ഉദ്ഘാടനം നടക്കും.

ചടങ്ങിൽ ടി.ജെ വിനോദ് എം.എൽ.എ അധ്യക്ഷത വഹിക്കും, മേയർ അഡ്വ. എം അനിൽ കുമാർ, ഹൈബി ഈഡൻ എം.പി, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, മുൻ എം.എൽ.എ ലൂഡി ലൂയിസ് എന്നിവർ മുഖ്യാതിഥികളാവും. വാർഡ് കൗൺസിലർ പത്മജ മേനോൻ, നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ജീവൻ ബാബു, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ സക്കീന, നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സി രോഹിണി, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ , രാഷ്ട്രീയ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കും.

പുതിയ ലേബർ റൂം സമുച്ചയം, രണ്ടാമത്തെ മെഡിക്കൽ ഐ.സി.യു ,മുൻ എംഎൽഎ ലൂഡി ലൂയിസിന്റെ ആസ്തി വികസന ഫണ്ടിൽ പണി തീർത്ത സ്പെഷ്യലിറ്റി ഒ.പി എക്സ്റ്റൻഷൻ,

ഹൈബി ഈഡൻ എം.പി യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ഉപയോഗിച്ച് പണി തീർത്ത ഒപി രജിസ്ട്രേഷൻ കൗണ്ടറും വെയ്റ്റിംഗ് ഏരിയയു, അനുഗാമി പാലിയേറ്റീവ് കെയർ പദ്ധതി, ഇൻഷുറൻസ് ഡെസ്ക്, പൂമ്പാറ്റ കുട്ടികളുടെ പാർക്ക്, ബേൺസ് യൂണിറ്റ്, വെബ്സൈറ്റ് തുടങ്ങി ഒമ്പത് പദ്ധതികളാണ് പൂർത്തിയാക്കി ജനങ്ങൾക്കായി സമർപ്പിക്കുന്നത്. എം.പി ഫണ്ട്, എം.എൽ.എ ഫണ്ട്, സി.എസ്.ആർ തുടങ്ങി വിവിധ തരത്തിലുള്ള ഫണ്ടുകൾ ഉപയോഗിച്ചാണ് പദ്ധതികൾ യാഥാർത്യമാക്കിയിരിക്കുന്നത്.

94 ലക്ഷം രൂപ കാസ്പ് ഫണ്ട് ഉപയോഗിച്ചാണ് ലേബർ റൂം കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. ഹെല്പ് ഡെസ്ക്, ഡോക്ടേർസ് റൂം, പ്രൊസീജർ ഏരിയ, വെയ്റ്റിംഗ് റൂം, നഴ്സിംഗ് ബേ, രണ്ട് ലേബർ സ്യൂട്ട്, ആറ് ലേബർ കോർട്ടുകൾ, സെപ്റ്റിക് ലേബർ റൂം, സ്റ്റോർ, ബേബി റെസീസിറ്റേഷൻ കോർണർ, സ്റ്റാഫ് റസ്റ്റ് റൂം, മുതലായ എല്ലാ സൗകര്യങ്ങളും സജ്ജമാണ് . ഒരേ സമയം ഒമ്പത് പ്രസവങ്ങൾ എടുക്കുവാനുള്ള സൗകര്യം ഇവിടെ ഉണ്ടാകും.

# രാമായണ വിരുദ്ധ പരാമർശം: എം.എൽ.എ പരസ്യമായി മാപ്പ് പറയണമെന്ന് വി.എച്ച്.പി

**കൊച്ചി :** ഹൈന്ദവർ ദൈവമായി ആരാധിക്കുന്ന ശ്രീരാമനെയും വേദഗ്രന്ഥമായ രാമായണത്തെയും സമൂഹ മാധ്യമത്തിലൂടെ അധിക്ഷേപിച്ച സി പി ഐയുടെ തൃശൂർ എം.എൽ.എ പി.ബാലചന്ദ്രന്റെ നടപടി യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ലെന്നും വിഷയത്തിൽ പരസ്യമായി മാപ്പ് പറയണമെന്നും വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പിയും ജനറൽ സെക്രട്ടറി വി.ആർ രാജശേഖരനും ആവശ്യപ്പെട്ടു.

ഹൈന്ദവ വിശ്വാസികളോടുള്ള അന്ധമായ വിരോധമാണ് സമൂഹ മാധ്യമത്തിലൂടെ കമ്മ്യൂണിസ്റ്റുകാരനായ പി ബാലചന്ദ്രൻ പ്രകടമാക്കിയത്. ഹൈന്ദവ വിരുദ്ധത തന്നെയാണ് ഇതിലൂടെ വ്യക്തമാക്കപ്പെടുന്നത്. ഒരു ജനപ്രതിനിധിയുടെ ഭാഗത്ത് നിന്നും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത നടപടിയാണ് ഇത്. ഹൈന്ദവ വിശ്വാസ സമൂഹം എക്കാലവും നെഞ്ചോടു ചേർത്തു വെച്ചിരിക്കുന്നതാണ് ശ്രീരാമനും സീതയും ലക്ഷ്മണനും. അവരെ ആക്ഷേപിച്ചതിലൂടെ ഹൈന്ദവ വിശ്വാസികളുടെ മനസിനാണ് മുറിവേറ്റിരിക്കുന്നത്. സമൂഹ മാധ്യമ പോസ്റ്റ് പിൻവലിച്ചതുകൊണ്ടു മാത്രം ആ മുറിവുണങ്ങില്ല. വിഷയത്തിൽ പരസ്യമായി മാപ്പ് പറഞ്ഞില്ലെങ്കിൽ നിയമ നടപടിയുമായി മുന്നോട്ടു പോകുമെന്നും വി.എച്ച്.പി നേതാക്കൾ വ്യക്തമാക്കി.

# കുന്നുകര അഗ്രി പ്രൊഡക്റ്റ്സ് ആന്റ് മാർക്കറ്റിംഗ് യൂണിറ്റ് ഉദ്ഘാടനം നാളെ

**കൊച്ചി:** കുന്നുകര അഗ്രി പ്രൊഡക്റ്റ്സ് ആന്റ് മാർക്കറ്റിംഗ് യൂണിറ്റിന്റെ ഉദ്ഘാടനം ശനിയാഴ്ച ( ജനുവരി 27 ) രാവിലെ 11 ന് സഹകരണ വകുപ്പ് മന്ത്രി വി.എൻ വാസവൻ നിർവഹിക്കും. ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് അധ്യക്ഷതവഹിക്കും. കുന്നുകര സർവീസ് സഹകരണ ബാങ്കിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് മന്ത്രി പി. രാജീവിന്റെ കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് യൂണിറ്റ് ആരംഭിക്കുന്നത്.

കുന്നുകരയിലെ പ്ലാന്റിന് സമീപം ക്രമീകരിച്ചിരിക്കുന്ന പരിപാടിയിൽ ഹൈബി ഈഡൻ എം.പി, മുൻ സഹകരണ വകുപ്പ് മന്ത്രി എസ്. ശർമ്മ, കേരള ബാങ്ക് ചെയർമാൻ ഗോപി കോട്ടമുറിക്കൽ, പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.വി പ്രതീഷ്, മറ്റ് ജനപ്രതിനിധികൾ, ബാങ്ക് ഭാരവാഹികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

# എസ്ബിഐ ലൈഫ് 26,000 കോടിയുടെ പുതിയ ബിസിനസ് പ്രീമിയം നേടി

**കൊച്ചി:** എസ് ബി ഐ ലൈഫ് ഇൻഷുറൻസ് 2023 ഡിസംബർ 31ന് അവസാനിച്ച കാലയളവിൽ

SBI Life
Apne liye. Apno ke liye.

26,000 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയം നേടി. 2022 ഡിസംബർ 31ന് അവസാനിച്ച കാലയളവിൽ ഇത് 21,512 കോടി രൂപയായിരുന്നു. ഒറ്റത്തവണ പ്രീമിയത്തിൻറെ കാര്യത്തിൽ 25 ശതമാനം വർധനവും ഉണ്ടായിട്ടുണ്ട്.

17 ശതമാനം വർധനവോടെ 2,972 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയമാണ് പരിരക്ഷാ വിഭാഗത്തിൽ നേടാനായതെന്നും 2023 ഡിസംബർ 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു. വ്യക്തിഗത പുതിയ ബിസിനസ് പ്രീമിയം 17 ശതമാനം വർധിച്ച് 17,762 കോടി രൂപയിലും എത്തിയിട്ടുണ്ട്.

2023 ഡിസംബർ 31ന് അവസാനിച്ച കാലയളവിൽ എസ്ബിഐ ലൈഫിൻറെ അറ്റാദായം 1,083 കോടി രൂപയാണ്. ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ മുൻ വർഷത്തെ അപേക്ഷിച്ച് 24 ശതമാനം വർധനവോടെ 3,71,410 കോടി രൂപയിലെത്തിയതായും കണക്കുകൾ സൂചിപ്പിക്കുന്നു.

# താത്കാലിക നിയമനം

**കോതമംഗലം:** ബ്ലോക്ക് പഞ്ചായത്ത് 202324 വാർഷിക പദ്ധതിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടൂവ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായ എൽ എസ് ജി ഡി അസിസ്റ്റന്റ് എക്സിക്യൂട്ടുവ് എഞ്ചിനിയറുടെ ഓഫീസിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് വേതനം നല്കൽ എന്ന പദ്ധതിയിലേക്ക് നടത്തുന്ന താത്കാലിക നിയമനത്തിന്റെ വിശദവിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും, അറിയാവുന്നതാണ്.




ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സിന്റെ (ഐ.എ.പി)ന്റെ 61 ാമത് ദേശീയ സമ്മേളനം ' പെഡിക്കോൺ 2024' കൊച്ചി ഗ്രാൻഡ് ഹയത്തിൽ കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

# പെഡിക്കോൺ 2024' കൊച്ചിയിൽ ഉദ്ഘാടനം ചെയ്തു

**കൊച്ചി:**ആഗോള താപനത്തിന്റെ പ്രത്യാഘാതം ഏറ്റവും അധികം ബാധിക്കുന്നത് കുട്ടികളെയാണെന്നും നാളെയുടെ വാഗ്ദാനങ്ങളായ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണെന്നും കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ. ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സിന്റെ (ഐ.എ.പി)ന്റെ 61 ാമത് ദേശീയ സമ്മേളനം ' പെഡിക്കോൺ 2024' കൊച്ചി ഗ്രാൻഡ് ഹയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോവിഡിന് മുമ്പും, കോവിഡിന് ശേഷവും എന്ന കാഴ്ചപ്പാടോടെയായിരിക്കും ഇനി ആരോഗ്യരംഗം അറിയപ്പെടുകയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഐ.എ.പി ദേശീയ പ്രസിഡന്റ് ഡോ.ജി.വി ബസവരാജ് അധ്യക്ഷത വഹിച്ചു. ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, ഐ.എം.എ ദേശീയ പ്രസിഡന്റ് ഡോ. ആർ.വി അശോകൻ,ഐ.എ.പി ദേശീയ ജനറൽ സെക്രട്ടറി ഡോ. യോഗേഷ് പാരിഖ്, ഐ.പി.എ ദേശീയ പ്രസിഡന്റ് ഡോ.നവീൻ തഖർ, ഐ.എ.പി പ്രസിഡന്റ് ഇലക്ട് ഡോ. വസന്ത് ഖലേത്ക്കർ, മുൻ പ്രസിഡന്റ് ഉപേന്ദ്ര കിൻജാവദേഖർ, ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ ഡോ.എസ്. സച്ചിദാനന്ദ കമ്മത്ത്, സെക്രട്ടറി ഡോ. എം. നാരായണൻ, ട്രഷറർ ഡോ. എം. ഐ ജുനൈദ് റഹ്മാൻ, തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിൽ ഐ.എ.പി 2024 വർഷത്തിൽ നടപ്പിലാക്കുന്ന "ഐ.എ.പി കി ബാത്ത് കമ്മ്യൂണിറ്റി കെ സാത്ത്" എന്ന പദ്ധതിയുടെ അവതരണവും നടത്തി. ഡോ.രഞ്ജൻ പെജ്വാർ രചിച്ച പുസ്തകത്തിന്റെ പ്രകാശനവും ചടങ്ങിൽ നടന്നു. 25 വർഷത്തിനു ശേഷമാണ് ഐ.എ.പി ദേശീയ സമ്മേളനത്തിന് കേരളവും കൊച്ചിയും വേദിയാകുന്നത്.ഐ.എ.പി കേരള, കൊച്ചി ചാപ്റ്ററുകൾ സംയുക്തമായിട്ടാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.




# ലുലു ഗ്രേറ്റ് ഇന്ത്യൻ ഉത്സവിന് തുടക്കമായി

**കൊച്ചി :** റിപ്പബ്ലിക്ക് ദിനാഘോഷങ്ങളുടെ ഭാഗമായി ലുലുവിൽ ഗ്രേറ്റ് ഇന്ത്യൻ ഉത്സവ് തുടങ്ങി. ഇന്ത്യൻ സംസ്കാരവും വൈവിധ്യവും പ്രതിനിധീകരിക്കുന്ന ആകർഷകമായ പ്രദർശനമാണ് ലുലു ഗ്രേറ്റ് ഇന്ത്യൻ ഉത്സവ്. ഇതിന്റെ ഭാഗമായി ഇന്ത്യൻ ഉത്പന്നങ്ങൾ എല്ലാം ഒരുകുടക്കീഴിൽ അണിനിരത്തുകയാണ് ലുലു. രാജ്യത്തെ വിവിധ മേഖലകളിലെ ഉത്പന്നങ്ങളെല്ലാം ആകർഷകമായ ഓഫറുകളിലാണ് ലഭ്യമാക്കിയിരിക്കുന്നത്.

ലുലു ഹൈപ്പർമാർക്കറ്റ്, ലുലു ഫാഷൻ സ്റ്റോർ, ലുലു കണക്ട് എന്നിവടങ്ങളിൽ ഏറ്റവും മികച്ച ഇളവുകളാണ് ഒരുക്കിയിരിക്കുന്നത്. വിവിധ മേഖലയിൽ നിന്നുള്ള ഉത്പന്നങ്ങൾ ആകർഷകമായ ഓഫറുകളിലാണ് ഹൈപ്പർമാർക്കറ്റിൽ ഉറപ്പാക്കിയിരിക്കുന്നത്. മേക്ക് ഇൻ ഇന്ത്യ ഉത്പന്നങ്ങളുടെ സ്പെഷ്യൽ ഡിസ്പ്ലേ സജ്ജീകരിച്ചിട്ടുണ്ട്. റിപ്പബ്ലിക്ക് ദിനാഘോഷത്തിന്റെ ആവേശം ഉൾകൊണ്ട് പ്രത്യേക കേക്ക് പ്രദർശനവും തയാറാണ്.

ഇന്ത്യൻ തുണിത്തരങ്ങളുടെ വൈവിധ്യം പരിചയപ്പെടുത്തി ആകർഷകമായ കളക്ഷനാണ് ഫാഷൻ സ്റ്റോറിലുള്ളത്. പ്രമുഖ ബ്രാൻഡുകൾക്ക് മികച്ച ഓഫറുകളും ഒരുക്കിയിട്ടുണ്ട്. ലുലു കണക്ടിൽ സ്പെഷ്യൽ ഡിസ്കൗണ്ടുകൾ ഉപഭോക്താക്കളെ കാത്തിരിക്കുന്നു. ടിവി,ലാപ്ടോപ്പ്, സ്മാർട്ട്ഫോൺ, വീട്ടുപകരണങ്ങൾ എന്നിവയ്ക്ക് മികച്ച ഓഫറുണ്ട്.

ഫുഡ് കൗണ്ടറിലും ആകർഷകമായ വിരുന്നാണ് ഉപഭോക്താകളെ കാത്തിരിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിലെ ഭക്ഷ്യവിഭവങ്ങളും വ്യത്യസ്ഥമായ രുചികൂട്ടുകളും പരിചയപ്പെടുത്തി സ്പെഷ്യൽ ഫുഡ് കൗണ്ടർ സജ്ജീകരിച്ചിട്ടുണ്ട്. രാജ്യത്തെ വിവിധ മേഖലകളിലെ ഭക്ഷണരുചികൾ സ്പെഷ്യൽ കൗണ്ടറിലെത്തി ആസ്വദിക്കാം. ഇതിന് പുറമേ റിപ്പബ്ലിക്ക് ആവേശമുയർത്തി ആകർഷകമായ പരിപാടികളും മാളിൽ ഉപഭോക്താകൾക്കായി ഒരുക്കിയിട്ടുണ്ട്.

# 120 കോടി പ്രവർത്തനമൂലധനം സമാഹരിച്ച് സിംഗപ്പൂർ കമ്പനി, ബിലീവ്

**കൊച്ചി:** ഫണ്ടിങ് റൗണ്ടിലൂടെ 120 കോടി രൂപ സമാഹരിച്ചതായി സിംഗപ്പൂരിൽ നിന്നുള്ള എഫ്.എം.സി.ജി കമ്പനിയായ ബിലീവ് പ്രൈവറ്റ് ലിമിറ്റഡ് (ആലഹശല്ല ജലേ ഘഭറ). നിലവിലെ നിക്ഷേപകരായ വെന്ററി പാർട്ണർസ്, 360 വൺ, ആക്സൽ, ജംഗിൾ വെഞ്ചേഴ്സ്, അൽറ്റീരിയ ക്യാപിറ്റൽ, ജെനെസിസ് ആൾട്ടർനേറ്റീവ് വെഞ്ചേഴ്സ് എന്നീ കമ്പനികൾ തന്നെയാണ് ഫണ്ടിങ്ങിന് പിന്തുണ നൽകിയിട്ടുള്ളത്.

നിലവിൽ ഒമ്പത് രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനിക്ക് 'ലഫ്സ്', 'സെയ്ൻ ആൻഡ് മൈസ' എന്നിങ്ങനെ രണ്ട് ബ്രാൻഡുകളാണുള്ളത്. ആൽക്കഹോൾ അടങ്ങിയിട്ടില്ലാത്ത ബോഡിസ്പ്രേകളിലൂടെയാണ് ലഫ്സ് എന്ന ബ്രാൻഡ് സുപരിചിതമായത്. മുടിയിഴകളുടെ ആരോഗ്യത്തിന് പോഷകസമൃദ്ധമായ കരിംജീരകത്തിന്റെയും ഉള്ളിയുടെയും സത്ത പിഴിഞ്ഞെടുത്തു ചേർത്ത കേശസംരക്ഷണ ഉൽപ്പന്നങ്ങളും കമ്പനി പുറത്തിറക്കുന്നു. നിറയെ ആന്റിഓക്സിഡന്റുകൽ അടങ്ങിയിട്ടുള്ള ഈ ഉൽപ്പന്നം ഉപയോഗിക്കുമ്പോൾ ഏറെ സുഖകരമായ പ്രതീതിയും ലഭിക്കുന്നു. ശുദ്ധവും പ്രകൃതിദത്തവുമായ ചേരുവകൾ മാത്രമടങ്ങിയിട്ടുള്ള ചർമസംരക്ഷണ ഉൽപ്പന്നങ്ങളാണ് സെയ്ൻ ആൻഡ് മൈസയുടേത്. ചർമം തിളക്കമുള്ളതാക്കാൻ വൈറ്റമിൻ സി ഉൾപ്പെടെയുള്ള ഘടകങ്ങൾ ചേർത്തിട്ടുണ്ട്. ഫേസ്വാഷും സെറവും, പകലും രാത്രിയും പുരട്ടാനുള്ള ക്രീമുകളും ഇക്കൂട്ടത്തിൽ ലഭ്യമാണ്.

ഉപഭോക്താക്കൾക്ക് ആവശ്യമുള്ള വസ്തുക്കൾ സൗകര്യപൂർവം വാങ്ങാൻ ഒരു ലക്ഷത്തിലേറെ വില്പനകേന്ദ്രങ്ങളാണ് ലഫ്സിനും സെയ്ൻ ആൻഡ് മൈസയ്ക്കുമുള്ളത്. രാജ്യത്തിൻറെ വിവിധ സംസ്ഥാനങ്ങളിൽ ഇതിനോടകം ശക്തമായ സാന്നിധ്യമറിയിച്ചു കഴിഞ്ഞ സുദൃഢമായ ഈ നെറ്റ്വർക്ക് കൂടുതൽ വിശാലമാക്കാൻ ഒരുങ്ങുകയാണ് കമ്പനി. കൂടാതെ ആമസോൺ, ഫ്ലിപ്കാർട്, നൈക ഉൾപ്പെടെയുള്ള പ്രമുഖ ഷോപ്പിംഗ് സൈറ്റുകളിലും ഉൽപ്പന്നങ്ങൾ ലഭ്യമാണ്.

മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലുൾപ്പെടെ വ്യാപാരം കൂടുതൽ വിശാലമാക്കാനും പുതിയ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനുമുള്ള സജീവശ്രമത്തിലാണ് കമ്പനി. അഞ്ച് ബിസിനസ് യൂണിറ്റുകൾ ഉള്ളതിൽ മൂന്നെണ്ണവും മികച്ച എബിറ്റ്ഡ പ്രകടനമാണ് കാഴ്ചവെക്കുന്നത്. നികുതിക്കും പലിശയ്ക്കും മൂല്യാപചയത്തിനും ശേഷമുള്ള കമ്പനിയുടെ പ്രകടനമികവിനെ സൂചിപ്പിക്കുന്നതാണ് എബിറ്റ്ഡ. അടുത്ത ആറ് മാസത്തിനുള്ളിൽ അവശേഷിക്കുന്ന ബിസിനസുകളിലും സമാനമായ നേട്ടം കൈവരിക്കാനുള്ള പദ്ധതികൾ തുടങ്ങിക്കഴിഞ്ഞു. ഇന്ത്യയിൽ കമ്പനി നേരിട്ട് നടത്തുന്ന വില്പനകേന്ദ്രങ്ങളുടെ എണ്ണം 700 ൽ നിന്ന് 1200 ആയി കൂട്ടാനും ലക്ഷ്യമിടുന്നു. തങ്ങളുടെ കമ്പനിയിലുള്ള നിക്ഷേപകരുടെ വിശ്വാസമാണ് ഈ മൂലധനസമാഹരണത്തിൽ പ്രതിഫലിക്കുന്നതെന്ന് കമ്പനിയുടെ സിഇഒ അങ്കിത് മഹാജൻ പറഞ്ഞു. ദീർഘകാലാടിസ്ഥാനത്തിലുള്ള വിജയത്തിന് വേണ്ടി പ്രയത്നിക്കാനുള്ള ആത്മവിശ്വാസം കമ്പനിക്കുണ്ട്. ജീവനക്കാരുടെ ഒത്തൊരുമയുടെയും നിക്ഷേപകരുടെ വിശ്വാസത്തിന്റെയും ഉപഭോക്താക്കളുടെ അചഞ്ചലമായ പിന്തുണയുടെയും ഫലമാണ് ഈ വിജയമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യക്ക് പുറമെ, സൗദി അറേബ്യ, യുഎഇ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലും ബിലീവിന് ശക്തമായ സാന്നിധ്യമുണ്ട്.

# ലോക്സഭാ തിരഞ്ഞെടുപ്പ് : സിഗ്നേച്ചർ വാൾ ക്യാമ്പയിന് തുടക്കം

**കൊച്ചി:** ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യേണ്ടതിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിൽ സിഗ്നേച്ചർ വാൾ ക്യാമ്പയിൻ ആരംഭിച്ചു. ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ക്യാമ്പയിൻ സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ ഉദ്ഘാടനം ചെയ്തു.

ജനാധിപത്യത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന പ്രക്രിയയാണ് തിരഞ്ഞെടുപ്പ്. അതിൽ പങ്കെടുക്കാൻ ഓരോ പൗരനും അവകാശമുണ്ട്. 18 വയസ് പൂർത്തിയായ എല്ലാവരും തിരഞ്ഞെടുപ്പിൽ പങ്കാളികളാകണം. സിവിൽ സ്റ്റേഷനിൽ സംഘടിപ്പിച്ച ക്യാമ്പയിനിൽ ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, അസി. കളക്ടർ നിഷാന്ത് സിഹാര, ഡെപ്യൂട്ടി കളക്ടർമാരായ വി. ഇ അബ്ബാസ്, ബി. അനിൽകുമാർ , ജില്ലാ ഇൻഫർമേഷൻ ഓഫീസർ സിടി ജോൺ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, കളക്ടറേറ്റ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഫിഷറിസ് വകുപ്പ് വഴി പിഎംഎംഎസ് വൈ പദ്ധതിയിൽ ഉൾപ്പെ ടുത്തി നടപ്പിലാക്കുന്ന വിവിധ മത്സ്യകൃഷി പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് വഴി പിഎംഎംഎസ് വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ മത്സ്യകൃഷി പദ്ധതികളിലേക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി05.

# ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിൽ റണ്ണേഴ്സിന്റെ വേദനയകറ്റാൻ ടൈഗർ ബാം

**കൊച്ചി:** ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിൽ പങ്കാളിയായി ലോക പ്രശസ്ത വേദനസംഹാര ബ്രാൻഡ് ആയ ടൈഗർ ബാം. സിംഗപ്പൂർ ആസ്ഥാനമായ ഹാവ്പാർ ഹെൽത്ത് കെയറിന്റെ ഉടമസ്ഥതയിലുള്ള ടൈഗർ ബാമിന്റെ ഇന്ത്യയിലെ വിതരണം ഗാർഡെനിയ കോസ്മോ ട്രേഡ് എൽഎൽപിയ്ക്കാണ്. ഒരു നൂറ്റാണ്ടിലേറെയായി ഇന്ത്യൻ വീടുകളിൽ വേദനശമനത്തിന് വിശ്വസിക്കാവുന്ന പേരാണ് ടൈഗർ ബാം എന്നത്.

അത്‌ലറ്റുകൾക്ക് വേഗത്തിൽ വേദന ശമനം ഉറപ്പുവരുത്തുന്ന ടൈഗർ ബാം മുമ്പ് പാരിസ് മാരത്തൺ, സിംഗപ്പൂർ മാരത്തൺ തുടങ്ങി നിരവധി മാരത്തണുകളിലും ട്രയത്‌ലോണുകളിലും സ്പോൺസർമാരായിട്ടുണ്ട്. ഈ സഹകരണത്തിലൂടെ ഓട്ടക്കാർക്കും ശക്തമായ പിന്തുണയാണ് ടൈഗർ ബാം നൽകുന്നതെന്ന് ഗാർഡെനിയ കോസ്മോ ട്രേഡ് എൽഎൽപിയുടെ പാർട്ണർ പുനിത് മൊട്ടിയാനി അറിയിച്ചു. ഓട്ടക്കാർക്കുണ്ടാകുന്ന ഏതൊരു വേദനയും പരിഹരിക്കാൻ റണ്ണിംഗ് റൂട്ടിൽ ടച്ച് പോയിന്റുകൾ സ്ഥാപിക്കുമെന്നും അദ്ദേഹം പറഞ്ഞു. കൂടാതെ മാരത്തണിന് ശേഷമുണ്ടാകുന്ന വേദനകളും അസ്വസ്ഥതകളും പരിഹരിക്കുന്നതിനും പരിചരണത്തിനുമായി പ്രൊഫഷണൽ സ്പോർട്സ് തെറാപ്പിസ്റ്റുകളുടെ റിലീഫ് സോണും സജ്ജമാക്കും.




ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിന്റെ ഔദ്യോഗിക വേദനസംഹാര പാർട്ണർ ആകുന്നതിൽ തങ്ങൾ ആവേശത്തിലാണെന്ന് ടൈഗർ ബാം വക്താവും ഹാവ് പാർ ഹെൽത്ത് കെയർ ജനറൽ മാനേജരുമായ കീത്ത് ചുവ അറിയിച്ചു. അസ്വസ്ഥതകൾ പരിഹരിക്കാനുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിലാണ് ടൈഗർ ബാം എല്ലാക്കാലത്തും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ പങ്കാളിത്തത്തിലൂടെ മാരത്തണിലും അതിന് ശേഷവും വേദനാസംഹാരത്തിനുള്ള ചുമതല തങ്ങളെ ഏൽപ്പിച്ച് ഓട്ടക്കാർക്ക് അവരുടെ പ്രകടനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആഗോള ബ്രാൻഡ് ആയ ടൈഗർ ബാമുമായി സഹകരിക്കുന്നത് മികച്ച അവസരമാണെന്നും നിർണ്ണായക ഘട്ടങ്ങളിൽ റണ്ണേഴ്സിന അതൊരു സഹായമാകുമെന്നും പ്രൊജക്ട് ഹെഡ്സ് വിപിൻ നമ്പ്യാർ പറഞ്ഞു. മാരത്തൺ കമ്യൂണിറ്റിയിലേക്ക് തങ്ങൾ ടൈഗർ ബാമിനെ സ്വാഗതം ചെയ്യുന്നുവെന്നും ഒരു ദീർഘകാല ബന്ധം തുടരാനാകുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

മാരത്തണിന്റെ ഭാഗമായി ഫെബ്രുവരി 9,10 തീയ്യതികളിൽ നടക്കുന്ന എക്സ്പോ വേദിയിൽ ടൈഗർ ബാം പ്രതിനിധികളുടെ സജീവ സാന്നിധ്യമുണ്ടായിരിക്കുകയും റണ്ണേഴ്സുമായി ഇടപഴകുകയും അവരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യും. ഫെബ്രുവരി 11നാണ് ക്ലിയോ സ്പോർട്സ് സംഘടിപ്പിക്കുന്ന ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ 2024 നടക്കുക. മാരത്തൺ, ഹാഫ് മാരത്തൺ, 10 കിലോമീറ്റർ മാരത്തൺ, 3 കിലോമീറ്റർ ഗ്രീൻ റൺ എന്നിവയ്ക്ക് പുറമെ ശാരീരിക അവശതകൾ നേരിടുന്നവർക്കും ഭിന്നശേഷിക്കാർക്കുമായി സ്പെഷ്യൽ റണ്ണും നടക്കും. പതിനഞ്ച് ലക്ഷം രൂപയാണ് ഇത്തവണ സമ്മാനം നൽകുക. അന്താരാഷ്ട്ര അത്‌ലറ്റുകളടക്കം പതിനായിരം ഓട്ടക്കാരെയാണ് ഇത്തവണ പ്രതീക്ഷിക്കുന്നതെന്ന് ക്ലിയോ സ്പോർട്സ് ഭാരവാഹികൾ അറിയിച്ചു. രജിസ്ട്രേഷനായി www.kochimarathon.in സന്ദർശിക്കുക.

# 22മത് ഐഎഎപിഐ അമ്യൂസ്മെന്റ് എക്സ്പോ മുംബൈയിൽ; പ്രതീക്ഷയോടെ അമ്യൂസ്മെന്റ് മേഖല

**കൊച്ചി:** ഇന്ത്യൻ അസോസിയേഷൻ ഓഫ് അമ്യൂസ്മെന്റ് പാർക്സ് ആൻഡ് ഇൻഡസ്ട്രീസ് (ഐഎഎപിഐ) സംഘടിപ്പിക്കുന്ന 22മത് അമ്യൂസ്മെന്റ് എക്സ്പോയ്ക്ക് മുംബൈ വേദിയാകും. ഫെബ്രുവരി 27 മുതൽ 29 വരെ ബോംബെ എക്സിബിഷൻ സെന്ററിലാണ് എക്സ്പോ സംഘടിപ്പിക്കപ്പെടുന്നത്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെയും സൂക്ഷ്മ, ചെറുകിട, ഇടത്തര വ്യവസായ മന്ത്രാലയത്തിന്റെയും പിന്തുണയോടെയാണ് നടക്കുന്ന പരിപാടിയിൽ രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള നൂറു കണക്കിന് കമ്പനികളും സ്ഥാപനങ്ങളും ഭാഗമാകും. ഇന്ത്യയിൽ നിന്ന് മാത്രം 165 പ്രദർശകരാണ് എക്സ്പോയിൽ പങ്കെടുക്കുന്നത്. ഇതിന് പുറമെ ഓസ്ട്രേലിയ, ബൾഗേറിയ, ചൈന, യുഎഇ, ജർമനി, ഹോങ്കോംഗ്, ഇറ്റലി, ഫിലിപ്പീൻസ്, റഷ്യ, സിംഗപ്പൂർ, യുകെ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമുള്ള 35 കമ്പനികളും ഐഎഎപഐ അമ്യൂസ്മെന്റ് എക്സ്പോയിൽ പങ്കെടുക്കുന്നുണ്ട്. ഒരു ലക്ഷം സ്ക്വയർ ഫീറ്റിൽ സജ്ജമാക്കുന്ന പ്രദർശന വേദിയിൽ അമ്യൂസ്മെന്റ് മേഖലയിലെ പുതിയ മാറ്റങ്ങളെല്ലാം അണിനിരക്കും. അമ്യൂസ്മെന്റ് പാർക്കുകൾ, തീം പാർക്കുകൾ, വാട്ടർ പാർക്കുകൾ, ഫാമിലി എന്റർടൈൻമെന്റ് സെന്ററുകൾ തുടങ്ങിയവയുടെ നടത്തിപ്പുകാരുമായി സംസാരിക്കാനും പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിനും എക്സ്പോ വേദിയാകും.




'ഇന്ത്യൻ അമ്യൂസ്മെന്റ് മേഖല, അതിന്റെ ഗണ്യമായ വളർച്ചാ സാധ്യതകളാൽ, നവീകരണത്തിനും വികസനത്തിനുമുള്ള ആവേശകരമായ ഇടമാണ്. ഐഎഎപിഐ എക്സ്പോ 2024 ഒരു എക്സ്പോ മാത്രമല്ല, പുതിയ അവസരങ്ങൾക്കും സഹകരണത്തിനും ഒരു ഉത്തേജകമാണ്.' ഐഎഎപിഐ ചെയർമാൻ ശ്രീകാന്ത് ഗോയങ്കെ അഭിപ്രായപ്പെട്ടു.

'ഇന്ത്യൻ അമ്യൂസ്മെന്റ് പാർക്ക് വ്യവസായം ഇപ്പോഴും അതിന്റെ ശൈശവാവസ്ഥയിലാണ്, അതേസമയം തന്നെ വലിയ വളർച്ചാ സാധ്യതയുമുണ്ട്. ഇന്ത്യയിലുടനീളമുള്ള വ്യവസായത്തിലെ അംഗങ്ങളെ ഒരുമിച്ചുകൂട്ടാൻ ഐഎഎപിഐ ലക്ഷ്യമിടുന്നു. ഈ വർഷത്തെ എക്സ്പോയോട് ഞങ്ങൾക്ക് ഇതിനകം തന്നെ മികച്ച പ്രതികരണം ലഭിച്ചു. രാജ്യത്തുടനീളമുള്ള പ്രതിനിധികളിൽ നിന്ന് ആയിരക്കണക്കിന് പങ്കാളിത്ത അഭ്യർത്ഥനകളും രജിസ്ട്രേഷനുകളും ലഭിച്ചു.' ഐഎഎപിഐ അമ്യൂസ്മെന്റ് എക്സ്പോ ചെയർമാൻ എൻ.ഡി റാണ പറഞ്ഞു.

# സിഎംപി 11ാം പാർട്ടി കോൺഗ്രസ് ജനുവരി 28, 29, 30 തീയതികളിൽ കൊച്ചിയിൽ

**കൊച്ചി:** 1986ൽ എം വി രാഘവന്റെ നേതൃത്വത്തിൽ രൂപീകരിച്ച സിഎംപിയുടെ 11ാം പാർട്ടി കോൺഗ്രസ് ജനുവരി 28, 29, 30 തീയതികളിൽ കൊച്ചിയിൽ നടക്കും. 28ന് വൈകീട്ട് 330ന് രാജേന്ദ്ര മൈതാനത്തു നിന്ന് ആരംഭിക്കുന്ന ബഹുജന റാലി സമാപിക്കുന്ന മറൈൻ ഡ്രൈവിലെ കെ ആർ ഗൗരിയമ്മ നഗറിൽ വൈകീട്ട് 5ന് പാർട്ടി സംസ്ഥാന സെക്രട്ടറി സി പി ജോൺ അധ്യക്ഷത വഹിക്കുന്ന പൊതുസമ്മേളനത്തിൽ വി ഡി സതീശൻ ഉദ്ഘാടനം ചെയ്യുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. പൊതുസമ്മേളനത്തിൽ യുഡിഎഫ് കൺവീനർ എം എം ഹസ്സൻ മുഖ്യാതിഥിയാകും. ഹൈബി ഈഡൻ എംപി, എംൽഎമാരായ ടി ജെ വിനോദ്, അനൂപ് ജേക്കബ്, ബംഗാളിൽ നിന്നുള്ള പാർട്ടി ഫോർ ഡെമോക്രാറ്റിക് സോഷ്യലിസം പ്രതിനിധി സമീർ പുതുതണ്ട, അഡ്വ. എ എൻ രാജൻ ബാബു, ഒറീസ കമ്യൂണിസ്റ്റ് പാർട്ടി പ്രസിഡന്റ് അജയ് റാവത്ത്, യുപിയിലെ നാഷനൽ ഡെമോക്രാറ്റിക് പീപ്പ്ൾസ് ഫ്രണ്ട് പ്രതിനിധി യോഗേന്ദ്ര യാദവ് എന്നിവർ അതിഥികളാകും. സി എ സമീർ, സി എൻ വിജയകുമാർ, എം പി സാജു, പി ആർ എൻ നമ്പീശൻ, കൃഷ്ണൻ കോട്ടുമല, വി കെ രവീന്ദ്രൻ, കെ സുരേഷ്ബാബു എന്നിവർ പ്രസംഗിക്കും.

ജനുവരി 29ന് ടൗൺ ഹാളിലെ എംവിആർ നഗറിൽ ആരംഭിക്കുന്ന പരിപാടികൾക്ക് 9 മണിക്ക് പി ആർ എൻ നമ്പീശൻ പതാക ഉയർത്തുന്നതോടെ തുടക്കമാകും. എച്ച്എംഎസ് അഖിലേന്ത്യാ സെക്രട്ടറി തമ്പാൻ തോമസ് മുഖ്യാതിഥിയാകുന്ന പ്രതിനിധി സമ്മേളനനം സി പി ജോൺ ഉദ്ഘാടനം ചെയ്യും. 11 മണിക്ക് സി എ അജീർ രാഷ്ട്രീയ സംഘടനാ റിപ്പോർട്ട് അവതരിപ്പിക്കും. തുടർന്ന് ഗ്രൂപ്പ് ചർച്ച, പൊതുചർച്ച എന്നിവ നടക്കം. 430ന് സഹകരണ പ്രസ്ഥാനം സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിലെ സെമിനാറിൽ സി എൻ വിജയകൃഷ്ണൻ അധ്യക്ഷനാകും. കൃഷ്ണൻ കോട്ടുമല വിഷയം അവതരിപ്പിക്കും. അഡ്വ. എം എം മോനായി, എ എൻ രാധാകൃഷ്ണൻ, കെ പി ബേബി, അഡ്വ. അലക്സ് കോഴിമല, അക്കിൻ ഫ്രാൻസിസ് എന്നിവർ പങ്കെടുക്കും.

ജനുവരി 30ന് രാവിലെ 10ന് ഗാന്ധിസ്മൃതി മതേതര ഇന്ത്യ മതരാഷ്ട്രമാകുമോ എന്ന വിഷയത്തിലെ സെമിനാറിൽ എം പി സാജു അധ്യക്ഷനാകും. രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. വി കെ രവീന്ദ്രൻ വിഷയാവതരണം നടത്തും. പി കെ കുഞ്ഞാലിക്കുട്ടി, കെ ചന്ദ്രൻപിള്ള, പ്രകാശ്ബാബു, പി ആർ ശിവശങ്കരൻ, അഡ്വ. ജെബി മേത്തർ എംപി, കെ ഫ്രാൻസിസ് ജോർജ്, ജി ദേവരാജൻ എന്നിവർ ചർച്ച നയിക്കും. 12 മണിക്ക് ജനറൽ സെക്രട്ടറിയുടെ മറുപടി പ്രസംഗം. ഉച്ചയ്ക്ക് 230ന് പ്രമേയങ്ങളുടെ അവതരണവും തുടർന്ന് അഭിവാദ്യ പ്രസംഗങ്ങളും സെൻട്രൽ കൗൺസിലിന്റേയും ഭാരവാഹികളുടേയും തെരഞ്ഞെടുപ്പും നടക്കും.

സിഎംപി അസി. സെക്രട്ടറിമാരായ സി എ അജീർ, എം പി സാജു, സെൻട്രൽ സെക്രട്ടറിയേറ്റ് അംഗം കെ സുരേഷ്ബാബു, സ്വാഗതസംഘം കൺവീനർ പി രാജേഷ് എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# ഐസിഐസിഐ പ്രുഡൻഷ്യൽ സീറോ സറണ്ടർ ചാർജുകളോടെ ആന്വിറ്റി പ്ലാൻ അവതരിപ്പിച്ചു

**തൃശൂർ:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ബെനഫിറ്റ് എൻഹാൻസറോടുകൂടിയ ഐസിഐസിഐ പ്രു ഗ്യാരന്റീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി പുറത്തിറക്കി. ഉപയോക്താക്കൾക്ക് പ്രീമിയം വാങ്ങിയ അന്നു മുതൽ എപ്പോൾ വേണമെങ്കിലും അടച്ച പ്രീമിയം 100 ശതമാനം തിരികെ ലഭിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന, ഇൻഷുറൻസ് മേഖലയിലെ ആദ്യത്തെ ആന്വിറ്റി പ്ലാനാണിത്.

വിരമിക്കൽ ആസൂത്രണത്തിന് തയ്യാറെടുക്കുന്ന ഉപയോക്താക്കൾക്ക് ഉണ്ടായേക്കാവുന്ന എല്ലാ ആശങ്കകളും പരിഹരിക്കുന്ന സൗകര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പോളിസി ഉടമകൾക്ക് ജീവിച്ചിരിക്കുന്നിടത്തോളം കാലം വരുമാനം ലഭ്യമാകുന്ന സിംഗിൾ ലൈഫ് ഓപ്ഷനോ മരണശേഷം ജീവിത പങ്കാളിക്ക്, കുട്ടികൾക്ക്, മാതാപിതാക്കൾക്ക് അല്ലെങ്കിൽ സഹോദരങ്ങൾക്ക് വരുമാനം ലഭ്യമാകുന്ന ജോയിന്റ് ലൈഫ് ഓപ്ഷനോ തെരഞ്ഞെടുക്കാൻ അവസരമുണ്ട്.

ജോയിന്റ് ലൈഫ് ഓപ്ഷനിൽ പോളിസി ഉടമ മരണപ്പെട്ടാൽ പിന്നീടുള്ള എല്ലാ പ്രീമിയവും ഒഴിവാക്കപ്പെടുകയും രണ്ടാം അവകാശിക്ക് ആജീവനാന്ത സ്ഥിര വരുമാനം ലഭിക്കുകയും ചെയ്യും. അപ്രതീക്ഷിത സാമ്പത്തിക ബാധ്യതകൾ മറികടക്കാൻ ഉപയോക്താക്കളെ സഹായിക്കുന്നതിന് ഈ പദ്ധതി വായ്പ സൗകര്യവും നൽകുന്നുണ്ട്.

## ഗോവയിലെ കാണാക്കാഴ്ചകളുമായി നാഷനൽ ജ്യോഗ്രഫിക് പരമ്പര

**കൊച്ചി:** ഗോവയിലെ പ്രധാന ടൂറിസ്റ്റ് ആകർഷണമായ ബീച്ചുകൾക്കുമപ്പുറം അധികമാരും അറിയാത്ത മികച്ച വിനോദ സഞ്ചാര കേന്ദ്രങ്ങളേയും സാഹസിക വിനോദങ്ങളേയും സംസ്ഥാനത്തിന്റെ സമ്പന്ന പൈതൃകങ്ങളേയും അവതരിപ്പിക്കുന്ന പ്രത്യേക ഡോക്യുമെന്ററി പരമ്പര നാഷനൽ ജ്യോഗ്രഫി സംപ്രേഷണം ചെയ്തു തുടങ്ങി. പോസ്റ്റ്കാർഡ് ഫ്രം ഗോവ എന്ന പേരിൽ നാലു ഭാഗങ്ങളാണായാണ് ഈ പരമ്പര. പ്രമുഖ സാഹസിക കായിക താരവും വൈൽഡ് ലൈഫ് ഫിലിംമേക്കറുമായ മലയ്ക്ക വാസ് ആണ് ഈ പരമ്പരയുടെ മുഖ്യ അവതാരക. സാഹസിക കേന്ദ്രങ്ങൾ, വന്യജീവി സങ്കേതം, ഭക്ഷ്യവിഭവങ്ങളുടെ പ്രധാന കേന്ദ്രങ്ങൾ, പൈതൃക കേന്ദ്രങ്ങൾ എന്നിങ്ങനെ നാലു ഭാഗങ്ങളായാണ് ഈ പരമ്പര ചിത്രീകരിച്ചിട്ടുള്ളത്. പ്രേക്ഷകർക്ക് മലയ്ക്ക വാസിനൊപ്പം ഗോവ എക്സ്പ്ലോർ ചെയ്യാം. അവരുടെ ത്രില്ലടിപ്പിക്കുന്ന സാഹസിക പ്രകടനങ്ങളും കാണാം. ഇന്ത്യയിൽ നാഷനൽ ജ്യോഗ്രഫിക് ചാനലിൽ രാത്രി എട്ടു മണിക്കാണ് പോസ്റ്റ്കാർഡ് ഫ്രം ഗോവ സംപ്രേഷണം ചെയ്യുന്നത്.




## റിപ്പബ്ലിക് ദിന മെഗാ ഓഫറുകളുമായി വി

**കൊച്ചി:** ഇന്ത്യയുടെ 75ാമത് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് മുൻനിര ടെലികോം ഓപ്പറേറ്ററായ വി പ്രീപെയ്ഡ് ഉപഭോക്താക്കൾക്കായി നിരവധി എക്സ്ക്ലൂസീവ് ഓഫറുകൾ അവതരിപ്പിച്ചു. വി ആപ്പ് വഴി റീചാർജ് ചെയ്യുമ്പോൾ പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് തിരഞ്ഞെടുത്ത റീചാർജ് പ്ലാനുകളിൽ പ്രത്യേക ഓഫറുകൾ ലഭ്യമാണ്.

365 ദിവസം വാലിഡിറ്റിയുള്ള 3099 രൂപ റീചാർജ് പ്ലാൻ 75 രൂപ ഡിസ്കൗണ്ടിന് ശേഷം 3024 രൂപയ്ക്ക് ലഭ്യമാണ്, ഇതിൽ സൗജന്യ ഡാറ്റ 50 ജിബിയും, മൊത്തം സൗജന്യമായി ചേർക്കുന്ന ഡാറ്റ 780 ജിബിയുമാണ്. 180 ദിവസം വാലിഡിറ്റിയുള്ള 1449 രൂപ റീചാർജ് പ്ലാൻ 50 രൂപ ഡിസ്കൗണ്ടിന് ശേഷം 1399 രൂപയ്ക്ക് ലഭ്യമാണ്, ഇതിൽ സൗജന്യ ഡാറ്റ 30 ജിബിയും, മൊത്തം സൗജന്യമായി ചേർക്കുന്ന ഡാറ്റ 270 ജിബിയുമാണ്.

179 രൂപ, 195 രൂപ, 199 രൂപ, 239 രൂപ എന്നീ റീചാർജുകളിൽ 50 രൂപ ഫ്ളാറ്റ് ഡിസ്കൗണ്ട് ലഭിക്കും അതോടൊപ്പം 299 രൂപയുടെ ഹീറോ അൺലിമിറ്റഡ് പ്ലാനിലേക്ക് അപ്ഗ്രേഡ് ചെയ്യാനും കഴിയും. ഈ ഓഫറിന്റെ ഭാഗമായി അൺലിമിറ്റഡ് നൈറ്റ് ഡാറ്റ, വീക്കെൻഡ് ഡാറ്റ റോൾഓവർ തുടങ്ങിയ ഹീറോ ആനുകൂല്യങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാകും.

2899 രൂപയുടെയും 3099 രൂപയുടെയും പ്ലാനുകളിൽ വി പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് 50ജിബി അധിക ഡാറ്റ ലഭിക്കും. 3099 രൂപയുടെ പ്ലാനിൽ വി പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് 30ജിബി അധിക ഡാറ്റ ലഭിക്കും.

## സ്കോൾകേരള ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിങ് കെയർ കോഴ്സ് സമ്പർക്ക ക്ലാസ്സുകൾ ജനുവരി 28ന് ആരംഭിക്കും

**കൊച്ചി:** സ്കോൾകേരള മുഖേനയുള്ള ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിങ് കെയർ കോഴ്സ് പ്രവേശനത്തിന് (202324 ബാച്ച്) ഓൺലൈൻ മുഖേന രജിസ്റ്റർ ചെയ്ത് നിർദ്ദിഷ്ട രേഖകൾ സമർപ്പിച്ച വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പഠനകേന്ദ്രം അനുവദിച്ചിട്ടുണ്ട്.

രജിസ്ട്രേഷൻ സമയത്ത് അനുവദിച്ചിട്ടുള്ള ആപ്ലിക്കേഷൻ നമ്പർ യൂസർ നെയിം ആയും ജനന തീയതി പാസ്വേഡ് ആയും ഉപയോഗിച്ച് www.scolekerala.org വെബ്സൈറ്റിൽ നിന്നും തിരിച്ചറിയൽ കാർഡ് ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതും, അനുവദിച്ച പഠനകേന്ദ്രം കോഡിനേറ്ററുടെ മുമ്പാകെ സമർപ്പിച്ച് മേലൊപ്പ് വാങ്ങി 2024 ജനുവരി 28 മുതൽ ആരംഭിക്കുന്ന സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.



## തലസ്ഥാനത്ത് ആയുർവേദ വെൽനെസ് സെന്ററുമായി കിംസ്ഹെൽത്ത്

**തിരുവനന്തപുരം,:** ആരോഗ്യരംഗത്ത് തങ്ങളുടെ സാന്നിധ്യം കൂടുതൽ വ്യാപിപ്പിച്ച് കിംസ്ഹെൽത്ത്. പൂവാർ ആയുർവേദ സെന്റർ ആൻഡ് ഹോസ്പിറ്റലുമായി ചേർന്ന് തിരുവനന്തപുരം ആനയറയിൽ കിംസ്ഹെൽത്ത് ആയുർവേദ ആൻഡ് വെൽനസ് സെന്റർ പ്രവർത്തനം ആരംഭിച്ചു. കിംസ്ഹെൽത്ത് ചെയർമാനും മാനേജിങ്ങ് ഡയറക്ടറുമായ ഡോ. എം.ഐ സഹദുള്ള, കെ.കെ ഗ്രൂപ്പ്, ഫ്ളോട്ടൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പൂവാർ ഐലന്റ് റിസോർട്ട് എന്നിവയുടെ ചെയർമാനായ കബീർ ഖാദർ എന്നിവർ ചേർന്നാണ് ആയുർവേദ സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചത്. സമഗ്രമായ ആരോഗ്യ പരിരക്ഷ പരിഹാരങ്ങൾ വാഗ്ദാനം ചെയ്യുന്നതിനായി പരമ്പരാഗത ആയുർവേദ ചികിത്സാരീതികളെ ആധുനിക വൈദ്യശാസ്ത്രവുമായി സമന്വയിപ്പിക്കാനാണ് പുതിയ സംരംഭത്തിലൂടെ കിംസ്ഹെൽത്ത് ലക്ഷ്യമിടുന്നത്.

സമഗ്രമായ ആരോഗ്യം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ആരോഗ്യപരിപാലനത്തിലൂടെ ജീവിതനിലവാരം ഉയർത്തേണ്ടത് പ്രധാനമാണെന്നും അത് ലക്ഷ്യമിട്ടാണ് ആയുർവേദ സെന്റർ സ്ഥാപിക്കുന്നതെന്നും ഡോ. എം.ഐ സഹദുള്ള പറഞ്ഞു. ആധുനിക കാലത്തെ ജീവിതത്തിൽ സമ്മർദ്ദം ഒരു പ്രധാന ഘടകമാണ്. അത് നന്നായി കൈകാര്യം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്നും അതിന് വേണ്ട പരിഹാരമാർഗങ്ങൾ വാഗ്ദാനം ചെയ്യുന്നതാണ് ആയുർവേദ സെന്ററെന്നും അദ്ദേഹം വ്യക്തമാക്കി. ജനക്ഷേമത്തിന് ദീർഘകാല പരിഹാരങ്ങൾ നൽകാൻ കിംസ്ഹെൽത്തുമായുള്ള ബന്ധം സഹായിക്കുമെന്ന് കബീർ ഖാദറും കൂട്ടിച്ചേർത്തു.

ഓർത്തോന്യൂറോ റീഹാബിലിറ്റേഷൻ, പോസ്റ്റ് സ്ട്രോക്ക് മാനേജ്മെന്റ്, വെയ്റ്റ് മാനേജ്മെന്റ്, സ്ട്രെസ് മാനേജ്മെന്റ്, യോഗ, ആയുർവേദ ഡയറ്റ് എന്നീ സേവനങ്ങൾക്ക് പുറമെ വിവിധ തെറാപ്പികളും കിംസ്ഹെൽത്ത് ആയുർവേദ ആൻഡ് വെൽനസ് സെന്ററിൽ ലഭ്യമാകും. അഭ്യംഗം, ഉദ്വർത്തനം, ഇലക്കിഴി, പൊടിക്കിഴി, ഞവരക്കിഴി, ശിരോധാര തുടങ്ങി ഇരുപതിലധികം തെറാപ്പികളും സെന്ററിലുണ്ട്.

കിംസ്ഹെൽത്ത് എക്സിക്യൂട്ടീവ് ഡയറക്ടർ ഇ.എം നജീബ്, ഫ്ളോട്ടൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എം.ഡി എം.ആർ നാരായണൻ, ഓ മൈ ജീൻ ചെയർമാൻ ഡോ. എം. അയ്യപ്പൻ, ട്രിവാൻഡ്രം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി പ്രസിഡന്റ് എസ്.എൻ രഘുചന്ദ്രൻ നായർ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

## 75ാം റിപ്പബ്ലിക് ദിന ആഘോഷവുമായി ഗോദ്റെജിൻെറ ഹീരെജൈസമസ്ബൂത് കാമ്പയിൻ

**കൊച്ചി:** 75ാം റിപ്പബ്ലിക് ദിനത്തിൽ വികസിത ഇന്ത്യക്കായി ഗോദ്റെജ് ഗ്രൂപ്പിൻറെ ഡിജിറ്റൽ കാമ്പയിൻ. രാജ്യത്തെ വജ്രശോഭയുള്ളതാക്കി മാറ്റിയ കഠിനപ്രയത്നങ്ങൾ, അചഞ്ചലമായ കാഴ്ചപ്പാടുകൾ, സമ്മർദങ്ങൾ എന്നിവയിലൂടെ കടന്നുപോകുന്ന വീഡിയോ ചിത്രം കർഷകർ, സംരംഭകർ, ഡോക്ടർമാർ, പട്ടാളക്കാർ, കായിക താരങ്ങൾ, കലാകാരന്മാർ തുടങ്ങി നിത്യജീവിതത്തിൽ കണ്ടുമുട്ടുന്ന നായകരുടെ കഥകളിലൂടെ ഇന്ത്യയുടെ വളർച്ചയെ അടയാളപ്പെടുത്തുകയാണ്.

വൈവിധ്യമാർന്ന പശ്ചാത്തലത്തിൽ നിന്നുള്ളവർ രാജ്യത്തിൻറെ വളർച്ചയ്ക്കും കീർത്തിക്കും നൽകിയ സംഭവനകളെ വിശദീകരിക്കുന്ന വീഡിയോ ക്രിയേറ്റീവ്ലാൻഡ് ഏഷ്യയുമായി സഹകരിച്ചാണ് ഗോദ്റേജ് തയാറാക്കിയിരിക്കുന്നത്. ദേശാഭിമാനം വളർത്തുന്നതിനും രാജ്യത്തിൻറെ വികാസത്തിൽ ഓരോ മനുഷ്യരും വഹിച്ച പങ്കിനെ അടയാളപ്പെടുത്തുന്നതിലും ഗോദ്റെജ് ഗ്രൂപ്പിൻറെ പ്രതിബദ്ധതയാണ് വീഡിയോ ചിത്രത്തിലൂടെ വ്യക്തമാവുന്നത്.

വജ്രം പോലെ ഉറപ്പുള്ള രാഷ്ട്രത്തിൻറെ കരുത്തിനെ ആഘോഷിക്കുകയാണ് ഹീരെജൈസമസ്ബൂത് കാമ്പയിനിലൂടെയെന്ന് ഗോദ്റെജ് ഇൻഡസ്ട്രീസ് എക്സിക്യൂട്ടീവ് ഡയറക്ടറും ചീഫ് ബ്രാൻഡ് ഓഫീസറുമായ താന്യ ദുബാഷ് പറഞ്ഞു. ഇന്ത്യയുടെയും അതിലെ പൗരന്മാരുടെയും അസാധാരണമായ ഈ യാത്രയെ അവതരിപ്പിക്കുന്നതിലൂടെ രാജ്യത്തിൻറെ വികസനത്തിനും പുരോഗതിക്കും തങ്ങളുടേതായ സംഭാവനകൾ നൽകാൻ ജനങ്ങളെ പ്രചോദിപ്പിക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിഞ്ഞ 75 വർഷത്തിലൂടെ രാജ്യം കടന്നുപോയ പ്രതിസന്ധികൾ, വളർച്ച, അചഞ്ചലത എന്നിവയാണ് നമ്മളെ വജ്രത്തെ പോലെ കരുത്തുള്ള ഒന്നാക്കി മാറ്റിയത് എന്നു ക്രിയേറ്റീവ്ലാൻഡ് ഏഷ്യ സഹ സ്ഥാപകയും ക്രിയേറ്റിവ് വൈസ് ചെയർമാനുമായ അനു ജോസഫ് പറഞ്ഞു. രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ പങ്ക് വഹിച്ചതിൽ ഗോദ്റെജ് അഭിമാനിക്കുന്നു എന്നും രാഷ്ട്രത്തിന് ഗോദ്റെജ് സമർപ്പിക്കുന്ന ഒരു ഗീതമാണ് ഇതെന്നും അനു ജോസഫ് കൂട്ടിച്ചേർത്തു.

ഗോദ്റെജ് ഗ്രൂപ്പിൻറെ ഹീരെജൈസമസ്ബൂത് കാമ്പയിൻ എല്ലാ ഡിജിറ്റൽ മാധ്യമങ്ങളിലും നവമാധ്യമങ്ങളിലും കാണാം. വീഡിയോ കാണുന്നതിന് https://youtu.be/UgbbP9ZScmw എന്ന യൂടൂബ് ലിങ്ക് സന്ദർശിക്കുക.




# എയർ ഇന്ത്യ എക്സ്പ്രസിൻറെ റിപ്പബ്ലിക് ഡേ സെയിൽ ആരംഭിച്ചു

**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസ് ആഭ്യന്തര, അന്തർദ്ദേശീയ വിമാന സർവീസുകളിൽ റിപ്പബ്ലിക് ഡേ സെയിൽ ആരംഭിച്ചു. 2024 ജനുവരി 31 വരെ നടത്തുന്ന ബുക്കിംഗുകൾക്ക് റിപ്പബ്ലിക് ഡേ സെയിലിൻറെ ഭാഗമായി 26 ശതമാനം വരെ ഇളവ് ലഭിക്കും. ഏപ്രിൽ 30 വരെയുള്ള യാത്രകൾക്ക് ഇത് ബാധകമാണ്.

കൂടാതെ, സർവീസിലുള്ളവരും വിരമിച്ചവരുമായ ഇന്ത്യൻ സായുധ സേനയിലെ അംഗങ്ങൾക്കും അവരുടെ ആശ്രിതർക്കും റിപ്പബ്ലിക് ദിനത്തിൽ എയർ ഇന്ത്യ എക്സ്പ്രസിൻറെ വെബ്സൈറ്റിലും മൊബൈൽ ആപ്ലിക്കേഷനിലും നടത്തുന്ന ഡൊമസ്റ്റിക് ബുക്കിംഗുകളിൽ 50 ശതമാനം ഇളവും നൽകും. ഭക്ഷണം, സീറ്റുകൾ, എക്സ്പ്രസ് എഹെഡ് സേവനങ്ങൾ എന്നിവയിലും ഇളവ് ലഭിക്കും.

ന്യൂപാസ് റിവാർഡ് പ്രോഗ്രാമിൻറെ ഭാഗമായി, ഹൈഫ്ലൈയേഴ്സ്, ജെറ്റെറ്റേഴ്സ് ലോയൽറ്റി അംഗങ്ങൾക്ക് കോംപ്ലിമെൻററി എക്സ്പ്രസ് എഹെഡ് മുൻഗണനാ സേവനങ്ങളും ലഭിക്കും. ടാറ്റ ന്യൂപാസ് റിവാർഡ്സ് പ്രോഗ്രാമിലെ അംഗങ്ങൾക്ക് ഭക്ഷണം, സീറ്റുകൾ, ബാഗേജുകൾ, മാറ്റം, റദ്ദാക്കൽ ഫീസ് ഇളവുകൾ എന്നിവ പോലുള്ള എക്സ്ക്ലൂസീവ് മെമ്പർ ആനുകൂല്യങ്ങൾക്ക് പുറമേ 8 ശതമാനം വരെ ന്യൂകോയിൻസും ലഭിക്കും. ലോയൽറ്റി അംഗങ്ങൾക്ക് പുറമേ, വിദ്യാർത്ഥികൾ, മുതിർന്ന പൗരന്മാർ, ചെറുകിട ഇടത്തരം സംരംഭങ്ങൾ, ആശ്രിതർ, സായുധ സേനാംഗങ്ങൾ എന്നിവർക്കും വെബ്സൈറ്റ്, മൊബൈൽ ആപ് ബുക്കിംഗുകളിൽ പ്രത്യേക നിരക്കുകൾ ലഭിക്കും.35 ബോയിംഗ് 737, 28 എയർബസ് എ320 എന്നിവയുൾപ്പെടെ 63 വിമാനങ്ങളുള്ള എയർ ഇന്ത്യ എക്സ്പ്രസ് 31 ആഭ്യന്തര, 14 അന്താരാഷ്ട്ര ലക്ഷ്യസ്ഥാനങ്ങളിലേക്കായി പ്രതിദിനം 340 ലധികം വിമാനസർവീസുകൾ നടത്തുന്നുണ്ട്. എയർ ഇന്ത്യ എക്സ്പ്രസ് അടുത്തിടെ നവീകരിച്ച ബ്രാൻഡ് ഐഡൻറിറ്റി അനാവരണം ചെയ്തിരുന്നു. വൈവിധ്യമാർന്ന ഗൊർമേർ ഭക്ഷണം, സുഖപ്രദമായ ഇരിപ്പിടങ്ങൾ, എയർഫ്ലിക്സ് ഇൻഫ്ലൈറ്റ് എക്സ്പീരിയൻസ് ഹബ്, എക്സ്ക്ലൂസീവ് ലോയൽറ്റി ആനുകൂല്യങ്ങൾ എന്നിവ എയർലൈൻ വാഗ്ദാനം ചെയ്യുന്നു.

# ദേശീയ സമ്മതിദായക ദിനാഘോഷം സംഘടിപ്പിച്ചു

**കൊച്ചി:** തിരഞ്ഞെടുപ്പുകളിൽ വിവേകപൂർവ്വം വോട്ടവകാശം വിനിയോഗിക്കുന്നത് ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനും നമ്മുടെ ഭാവി സുരക്ഷിതമാക്കുന്നതിനുമുള്ള സുവർണ്ണാവസരം ആണെന്ന് ചലച്ചിത്ര താരവും തിരഞ്ഞെടുപ്പ് വകുപ്പിന്റെ സ്വീപ് ഐക്കണുമായ ടോവിനോ തോമസ് പറഞ്ഞു. എറണാകുളം തൃക്കാക്കര ഭാരത് മാതാ കോളേജിൽ ദേശീയ സമ്മതിദായക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ എല്ലാ പൗരന്മാർക്കും തുല്യത ഉറപ്പുവരുത്തുന്ന ജനാധിപത്യത്തെ ശക്തിപ്പെടുത്തുകയാണ് വോട്ടിംഗിലൂടെ സാധ്യമാകുന്നത്. വോട്ട് ചെയ്യുകയെന്നത് ഓരോ പൗരന്റെയും കടമയാണ്. വോട്ട് ചെയ്യാതിരിക്കുന്നത് നമ്മെ മാത്രമല്ല നമുക്ക് ചുറ്റുമുള്ളവരെയും ബാധിക്കും. ജനാധിപത്യം കാത്തുസൂക്ഷിക്കാൻ കഴിയുന്ന നമ്മെ നയിക്കാൻ കഴിയുന്ന വ്യക്തിക്കായിരിക്കും എന്റെ വോട്ട്. വോട്ടവകാശം ലഭിച്ച ശേഷം വോട്ട് ചെയ്യാനുള്ള അവസരം ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ലെന്നും യുവാക്കളടക്കം എല്ലാവരും വോട്ട് ചെയ്യണമെന്നും ടോവിനോ അഭ്യർത്ഥിച്ചു.

വോട്ട് ചെയ്യേണ്ടതിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കാനാണ് ദേശീയ സമ്മതിദാന ദിനം ആഘോഷിക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പറഞ്ഞു. യുവാക്കളുടെ വോട്ടിംഗ് ശതമാനം കുറവാണെന്നത് വലിയ വെല്ലുവിളിയാണ്. 35 വയസിൽ താഴെയുള്ളവരാണ് രാജ്യത്തെ ജനസംഖ്യയുടെ 6065%. ജനാധിപത്യത്തിന്റെ ഭാവി യുവാക്കളുടെ കൈകളിലാണ്. അതിനാൽ ആഗോള തലത്തിൽ സൂപ്പർ പവറായി രാജ്യം വളരുമ്പോൾ നാടിനെ നയിക്കേണ്ട യുവാക്കൾ വോട്ട് ചെയ്യുന്നതിൽ നിന്ന് വിട്ടുനിൽക്കരുതെന്നും വോട്ടർ പട്ടികയിൽ പേര് രജിസ്റ്റർ ചെയ്യാത്തവർ എത്രയും വേഗം രജിസ്റ്റർ ചെയ്യണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

# സംസ്ഥാന ചിൽഡ്രൻസ് ഫെസ്റ്റ് 'വർണ്ണച്ചിറകുകൾ' ഇന്നു മുതൽ കളമശ്ശേരി രാജഗിരി കോളേജിൽ

**കൊച്ചി:** കേരള വനിത ശിശു വികസന വകുപ്പ് സംസ്ഥാനത്തെ വിവിധ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളെ പങ്കെടുപ്പിച്ച് സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന ചിൽഡ്രൻസ് ഫെസ്റ്റ് 'വർണ്ണച്ചിറകുകൾ' ജനുവരി 26, 27, 28 തീയതികളിൽ കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ നടക്കും. ജനുവരി 26ന് വൈകീട്ട് 4.30ന് രാജഗിരി പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് ചിൽഡ്രൻസ് ഫെസ്റ്റ് ഉദ്ഘാടനം നിർവഹിക്കും. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് അദ്ധ്യക്ഷത വഹിക്കും.

ഈ വർഷം സംസ്ഥാനത്തെ 16 സർക്കാർ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്ക് പുറമെ ആതിഥേയ ജില്ലയായ എറണാകുളത്തെ സന്നദ്ധ സംഘടനകൾ നടത്തുന്ന ഹോമുകളിലെ കുട്ടികളേയും ഉൾപ്പെടുത്തി 22 മത്സര ഇനങ്ങളിലായി ആയിരത്തോളം പേരാണ് ചിൽഡ്രൻസ് ഫെസ്റ്റിൽ പങ്കെടുക്കുന്നത്.

അഞ്ചു വേദികളിലായി മൂന്നുദിവസം നടക്കുന്ന ചിൽഡ്രൻസ് ഫെസ്റ്റിൽ രാവിലെ 9 മുതൽ പരിപാടികൾ ആരംഭിക്കും. ഉദ്ഘാടന ചടങ്ങ് 26ന് വൈകിട്ടാണെങ്കിലും രാവിലെ മുതൽ മത്സരങ്ങൾ ആരംഭിക്കും.

ഹൈബി ഈഡൻ എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർമാൻ കെ.വി. മനോജ് കുമാർ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത വി. കുമാർ, കളമശ്ശേരി മുനിസിപ്പാലിറ്റി ചെയർപേഴ്സൺ സീമ കണ്ണൻ, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.

ജനുവരി 28ന് വൈകീട്ട് നാലിന് നടക്കുന്ന സമാപന ചടങ്ങ് ജില്ലാ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റി ചെയർപേഴ്സണും ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജുമായ ഹണി എം. വർഗ്ഗീസ് ഉദ്ഘാടനം ചെയ്യും. സിനിമാ താരം ഐശ്വര്യ ലക്ഷ്മി വിശിഷ്ടാതിഥിയാകും.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663